

# പൊതുമേഖലയെ കുറ്റകൃത്യശൃംഖലകളിൽ നിന്ന് സുരക്ഷിതമാക്കുക

വിവരപത്രം

**വിക്ടോറിയയിലെ പൊതുമേഖലയിൽ കുറ്റകൃത്യശൃംഖലകൾ വിജയകരമായി ചൂഷണം നടത്തുന്നത് അന്വേഷിക്കുകയും തടയുകയും ചെയ്യുക എന്നത് IBAC യിൽ ഞങ്ങളുടെ കർത്തവ്യത്തിന്റെ ഒരു പ്രധാന ഭാഗമാണ്.**

ഐ ബി എ സി (IBAC) വിക്ടോറിയയിൽ അഴിമതി നിരോധനത്തിനും പോലീസ് സേനയുടെ നിരീക്ഷണത്തിനുമുള്ള സ്വതന്ത്ര ഏജൻസിയാണ്.

പൊതുമേഖലയിലെ അഴിമതിയും പോലീസ് സേനയിലെ ദുർനടപടികളും തടയുകയും പരസ്യപ്പെടുത്തുകയും അതുവഴി നമ്മുടെ സംസ്ഥാനത്തിനുള്ളിൽ സത്യനിഷ്ഠ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ആകമാനമായ ലക്ഷ്യം.

പൊതുമേഖലയുമായി സമ്പർക്കം സ്ഥാപിക്കാൻ ശ്രമിക്കുന്ന കുറ്റകൃത്യസംഘങ്ങളുടെ ഭീഷണിയെ എതിർക്കുന്നത് ഞങ്ങളുടെ പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അവർ ഇത് ചെയ്യുന്നത് നിയന്ത്രിത വിവരങ്ങൾ എടുക്കുക, രേഖകൾ തിരുത്തുക, അല്ലെങ്കിൽ തീരുമാനങ്ങളിൽ സ്വാധീനം ചെലുത്തുക എന്നിവയ്ക്കു വേണ്ടിയാണ്. നിയമവിരുദ്ധമായ പ്രവൃത്തികൾ നടത്തുന്നതിനും കണ്ടുപിടിക്കപ്പെടാതിരിക്കുവാനും ഇത് അവർക്കു സഹായകമാകാം.

## കുറ്റകൃത്യശൃംഖലകളെ തിരിച്ചറിയുക

കുറ്റകൃത്യശൃംഖലകൾ രണ്ടോ അതിൽ കൂടുതലോ ആളുകൾ ഒരുമിച്ചു പ്രവർത്തിച്ച് ഗുരുതരമായ അതിക്രമങ്ങളും നിയമലംഘനങ്ങളും നടത്തുന്ന സംഘങ്ങളാണ്.

ഇങ്ങിനെയുള്ള കുറ്റകൃത്യ സംഘങ്ങൾ പൊതുമേഖലാ ജീവനക്കാരെ ലക്ഷ്യം വയ്ക്കുകയും തങ്ങളുടെ നിയമവിരുദ്ധമായ



ibac | Strengthening Victoria's Integrity

പ്രവൃത്തികൾ വ്യാപിപ്പിക്കുവാനും നിയമ നിർവ്വഹണം നടത്തുന്നവരാൽ പിടിക്കപ്പെടാതിരിക്കുവാനും സഹായകമാകുന്ന രീതിയിലുള്ള ബന്ധങ്ങൾ അവരുമായി ഉണ്ടാക്കുവാനും ശ്രമിക്കും.

## നിങ്ങൾ പൊതുമേഖലയിലാണ് ജോലി ചെയ്യുന്നതെങ്കിൽ നിങ്ങളെയും അവർ ലക്ഷ്യമാക്കിയെന്നു വരാം

കുറ്റകൃത്യ സംഘങ്ങൾ പൊതുമേഖലയിൽ എല്ലാ തലങ്ങളിലുമുള്ള ജീവനക്കാരെ ലക്ഷ്യമാക്കാറുണ്ട് എന്നാണ് ഞങ്ങളുടെ അന്വേഷണം കാണിക്കുന്നത്.

നിങ്ങൾ കൗൺസിൽ ജീവനക്കാരോ, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരോ, നിയമനിർവ്വഹണത്തിൽ ജോലി ചെയ്യുന്നവരോ ആണെങ്കിലും കുറ്റകൃത്യശൃംഖലകളുടെ അപകടസാദ്ധ്യതകളെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണം.

സംശയാസ്പദമായ ഏതു പ്രവൃത്തിയും IBAC യിൽ റിപ്പോർട്ട് ചെയ്യുന്നത് പൊതുമേഖലയെ സംഘടിതമായ കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കാൻ ഞങ്ങളെ സഹായിക്കും.

## പലപ്പോഴും ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ

### ചോ: എന്താണ് പൊതുമേഖലാ സ്ഥാപനങ്ങളെ ദുർബ്ബലമാക്കുന്നത്?

ഉ: കുറ്റകൃത്യസംഘങ്ങൾക്ക് പ്രയോജനപ്പെടുന്ന വിവരങ്ങളോ വിഷയങ്ങളോ നിങ്ങളുടെ സ്ഥാപനത്തിന് ലഭ്യമായുണ്ടെങ്കിൽ നിങ്ങളെ അവർ ലക്ഷ്യമാക്കിയേക്കാം.

ലക്ഷ്യമാക്കപ്പെടാൻ ഏറ്റവും സാദ്ധ്യതയുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്:

- തീരുമാനം എടുക്കാനും നിയമവ്യവസ്ഥ നടപ്പിലാക്കാനും അധികാരമുള്ള സ്ഥാപനങ്ങളും സുരക്ഷ, നിർമ്മാണം, ആസൂത്രണം, മദ്യം, ചൂതുകളി തുടങ്ങിയ വ്യവസായങ്ങളുടെ മേൽനോട്ടം വഹിക്കുന്ന സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടും
- സുരക്ഷിതവിവരങ്ങൾ, നിയമനിർവ്വഹണ വിശദാംശങ്ങൾ എന്നിവ ലഭിക്കാൻ പ്രവേശനാനുമതിയുള്ള സ്ഥാപനങ്ങൾ
- വ്യക്തിവിവരമോഷണം, സാക്ഷികളെ ഭീഷണിപ്പെടുത്തുകയും അന്യായമായവ കൈവശപ്പെടുത്തുകയും ചെയ്യുക, മറ്റു കുറ്റകൃത്യസംഘങ്ങൾക്ക് വിവരങ്ങൾ വിൽക്കുക തുടങ്ങിയ പ്രവൃത്തികൾക്ക് സഹായകമാകാൻ സാദ്ധ്യതയുള്ള സ്വകാര്യ തിരിച്ചറിയൽ വിവരങ്ങൾ ഉൾപ്പെടുന്ന ബൃഹത്തായ വ്യക്തിവിവര ഡേറ്റാബേസുകളിൽ പ്രവേശനാനുമതിയുള്ള സ്ഥാപനങ്ങൾ
- ഉയർന്ന പുനർവിൽപ്പനാ മൂല്യമുള്ള സ്വത്തിന്റെയോ സാധനങ്ങളുടെയോ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ.

### ചോ: നിങ്ങളുടെ സ്ഥാപനത്തെ കുറ്റകൃത്യ ശൃംഖലകളിൽ നിന്ന് നിങ്ങൾക്ക് എങ്ങനെ സുരക്ഷിതമാക്കാൻ കഴിയും?

ഉ:

1. സുരക്ഷ ഒരു മുൻഗണന ആക്കുക. അപകടസാദ്ധ്യതാ നിർണ്ണയം നടത്തുകയും യാദൃച്ഛിക കണക്കുപരിശോധനകൾ ക്രമമായി നടത്തുകയും ഉയർന്ന മൂല്യമുള്ള വിവരങ്ങൾക്ക് സംരക്ഷണം നടപ്പിലാക്കുകയും ചെയ്യുക.
2. കുറ്റകൃത്യ സംഘങ്ങളുമായുള്ള ബന്ധങ്ങൾ തിരിച്ചറിയുക. ജീവനക്കാർക്ക് ബന്ധങ്ങൾ വെളിപ്പെടുത്തുവാൻ ഉതകുന്ന നയങ്ങൾ നടപ്പിലാക്കുകയും നിയമനപ്രക്രിയയിലും തൊഴിലിലും ഇത് നിർബ്ബന്ധമാക്കുകയും ചട്ടം ലംഘിച്ചാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ നിർവചിക്കുകയും ചെയ്യുക.
3. നിയമനത്തിനു മുൻപ് കർശനമായ പരിശോധനകൾ നടപ്പിലാക്കുക. പ്രവേശനാനുമതിയുടെയും സുരക്ഷ ആവശ്യത്തിന്റെയും തലങ്ങൾ അടിസ്ഥാനമാക്കി ജീവനക്കാരെ സൂക്ഷ്മപരിശോധന നടത്തുകയും സുരക്ഷാ അനുമതികൾ പതിവായി നിരീക്ഷിക്കുകയും ഉയർന്ന തോതിൽ പ്രവേശനാനുമതിയുള്ള പദവികളിൽ സൂക്ഷ്മപരിശോധന നടത്തുന്നത് കർശനമാക്കുകയും ചെയ്യുക

   തേർഡ് പാർട്ടി റിക്രൂട്ട്മെന്റ് ഏജൻസികളെ ഉപയോഗിക്കുമ്പോൾ, അവർ യോഗ്യത അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുക്കൽ രീതികൾ പിന്തുടരുന്നുണ്ടെന്നും അവർക്ക് നൈതികമായ നടപടിക്രമങ്ങൾ ഉണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി ഉചിതമായ വിഭവസമാഹരണ പ്രക്രിയ പാലിക്കുകയും മതിയായ ജാഗ്രത പുലർത്തുകയും ചെയ്യുക.

## ചോ: സഹപ്രവർത്തകരിൽ ഒരാൾക്ക് കുറ്റകരമായ ബന്ധങ്ങൾ ഉണ്ടെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ എന്തെല്ലാം?

ഉ: ഒരു വ്യക്തിക്ക് കുറ്റകരമായ ബന്ധങ്ങൾ ഉണ്ടാകാം എന്ന് സൂചിപ്പിക്കുന്ന അനവധി അടയാളങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, ആ വ്യക്തി:

- വിശദീകരണം സാദ്ധ്യമാകാതെയുള്ള സ്വത്ത് പ്രദർശിപ്പിക്കാം
- അവരുടെ പദവിയുടെ ഭാഗമല്ലാതെയുള്ള വിവരങ്ങൾ ആവശ്യപ്പെടാം
- അവരുടെ പദവിയുടെ ഭാഗമല്ലാതെയുള്ള സംവിധാനങ്ങളിലേക്ക് പ്രവേശനാനുമതി തേടാം
- അധികജോലിയോ അസമയങ്ങളിലുള്ള ജോലിയോ ചെയ്യുന്നു എന്നു വരാം
- അവധിയെടുക്കാതിരിക്കാം.

## ചോ: കുറ്റകൃത്യ ശൃംഖലകളിൽ നിന്ന് നിങ്ങൾക്ക് എങ്ങനെ സ്വയരക്ഷ നേടാം?

ഉ:

1. അപകടസാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്ന ഏതു പ്രവർത്തനരീതികളും ഒഴിവാക്കുക. ഈ പ്രവർത്തനരീതികൾ വഴി കുറ്റകൃത്യ ശൃംഖലകൾ സാമ്പത്തിക ക്രമക്കേടുകളിൽ അകപ്പെടുത്തുകയോ കടപ്പാട് ഉണ്ടാക്കുകയോ ഉൾപ്പെടെ നിങ്ങളെ സ്വയം ദോഷകരമായി ബാധിക്കുന്ന ഒരു തലത്തിലേക്ക് നയിച്ചേക്കാം.
2. സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തുക, കാരണം ഇതുവഴി കുറ്റവാളികൾ നിങ്ങളെ ലക്ഷ്യമാക്കാൻ സാദ്ധ്യതയുണ്ട്. നിങ്ങളുടെ സ്ഥാപനത്തെക്കുറിച്ചുള്ള സുരക്ഷിത വിവരങ്ങൾ അറിയിക്കാൻ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കരുത്, അപരിചിതർ അയക്കുന്ന സംശയാസ്പദമായ സന്ദേശങ്ങളോ ലിങ്കുകളോ ക്ലിക്ക് ചെയ്യരുത്, അപരിചിതരായ ആളുകളിൽ നിന്നും വരുന്ന സൗഹൃദ അപേക്ഷകൾ സ്വീകരിക്കുമ്പോൾ വളരെ ശ്രദ്ധിക്കുകയും ചെയ്യുക.
3. നിങ്ങളുടെ പദവി, നടപടിക്രമങ്ങൾ, സംവിധാനങ്ങൾ, എന്നിവയുടെ വിശദാംശങ്ങളും ജോലിസംബന്ധമായി നിങ്ങളുടെ കൈവശമുള്ള വിവരങ്ങളും നിങ്ങളുടെ സ്ഥാപനത്തിനു വേണ്ടി ജോലി ചെയ്യുന്നവർ അല്ലാതെയുള്ള ഒരു വ്യക്തിക്കും നൽകാതിരിക്കുക. ഈ തരത്തിലുള്ള വിവരങ്ങൾ മറ്റൊരാൾക്ക് നല്കുന്നതിനുള്ള പ്രതിഫല വാഗ്ദാനങ്ങൾ എല്ലാം നിരസിക്കുക.
4. മുൻപേതന്നെയുള്ള നിങ്ങളുടെ ബന്ധങ്ങൾ ഏതെങ്കിലും പരസ്പരതാല്പര്യങ്ങൾ വഴി വിട്ടുവീഴ്ച ചെയ്യേണ്ടി വരുന്ന ഒരു സാഹചര്യത്തിലേക്ക് നിങ്ങളെ എത്തിക്കുമോ എന്ന് ആലോചിക്കുക. വാസ്തവമായതോ, സാദ്ധ്യതയുള്ളതോ, പ്രത്യക്ഷമായതോ ആയ ഏതു വിരുദ്ധതാല്പര്യങ്ങളും നിങ്ങളുടെ തൊഴിലുടമയോട് പ്രസ്താവിക്കുക.

# സംഘടിതമായ കുറ്റകൃത്യങ്ങളിൽ നിന്ന് പൊതുമേഖലയെ സംരക്ഷിക്കാൻ സഹായിക്കേണ്ടത് നിങ്ങളുടെ കടമയാണ്.

**നിങ്ങൾ പൊതുമേഖലയിലാണ് ജോലി ചെയ്യുന്നതെങ്കിൽ:**

- കുറ്റകൃത്യസംഘവുമായി ബന്ധമുള്ള ആരെങ്കിലും നിങ്ങളെ സമീപിക്കുന്നു
- അല്ലെങ്കിൽ, ഒരു കുറ്റകൃത്യ സംഘം പൊതുമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിവ് കിട്ടുകയാണെങ്കിൽ

**... നിങ്ങൾക്ക് സുരക്ഷിതമായി IBAC ക്ക് റിപ്പോർട്ട് ചെയ്യാം.**

റിപ്പോർട്ട് ചെയ്യുവാൻ സുരക്ഷിതമായ ഓൺലൈൻ ഫോറം പൂരിപ്പിക്കുന്നതിന് സന്ദർശിക്കുക **www.ibac.vic.gov.au**

നിങ്ങൾക്ക് ഓൺലൈൻ ഫോറം തുറക്കാൻ സാധിക്കുന്നില്ലെങ്കിൽ കൂടുതൽ സഹായത്തിനായി **1300 735 135** എന്ന നമ്പറിൽ ഞങ്ങളെ വിളിക്കുക.

Interpreter

നിങ്ങൾക്ക് വിവർത്തനസഹായം ആവശ്യമുണ്ടെങ്കിൽ **13 14 50** എന്ന നമ്പറിൽ പരിഭാഷാ-ആഖ്യാന സേവനവുമായി ബന്ധപ്പെടുക, അല്ലെങ്കിൽ **www.ibac.vic.gov.au/mylanguage** സന്ദർശിക്കുക

പരിശീലനവും നിവാരണവും

ibac | Strengthening Victoria's Integrity